പാടാം ഈ രാവിൽ ഇനിയോന്നായി ഗ്ലോറിയ
നിറയും മനമോടെ തിരുനാമം പാടിടാം (2)
മഞ്ഞണിഞ്ഞൊരീ രാവിൽ മഹിതലമുറങ്ങുമീരാവിൽ
താരവ്രിന്ദങ്ങൾ പോലും ശ്രുതിമീട്ടിടുന്നൊരീ രാവിൽ
വരമായ് ജന്മസുകൃതമായ് മനിതൻ അധിപതിയായ്
തിരുസുതൻ ജാതനായ് (2)

തമസിലലയുന്ന മാനസങ്ങളിൽ
കിരണമായ് അവൻ വന്നു
അരുണ കിരണമായ് അന്നുമിന്നുമവൻ കരുണചൊരിയുവാൻ വന്നു
പുതുയുഗ പിറവിയായ് പുതുപുലരിതൻ ശോഭയായ് (2)
വരമായ് ജന്മസുകൃതമായ് മനിതൻ അധിപതിയായ്
തിരുസുതൻ ജാതനായ് (2)

തിരുസുതൻ തിരുമേനികാണുവാൻ
വാനവൃന്ദം നിരന്നു
ദേവസൂനുവിൻ ദർശനം തേടി
ഇടയരും വന്നു ചേർന്നു
താളമേളങ്ങളോടെ നാം ഒന്നായ് ചേർന്നുപാടാം (2)
വരമായ് ജന്മസുകൃതമായ് മനിതൻ അധിപതിയായ്
തിരുസുതൻ ജാതനായ് (2)